## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6662

9.7.2014-ൽ മറുപടിയ്ക്ക്

### സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ്.

| ചോദ്യം<br>ശ്രീ.കെ.അജിത്. | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ ജീവനക്കാരുടെ ശമ്പള ബില്ലുകളും മറ്റും ബന്ധിപ്പിച്ചിരിക്കുന്ന സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ് നിയന്ത്രണം എവിടെയെന്നും ഈ ഓഫീസിന്റെ പ്രവർത്തനത്തിന് എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലിചെയ്യുന്നതെന്നും വെളിപ്പെടുത്താമോ; | എ)സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ് നിയന്ത്രണം സ്പാർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, സ്റ്റാച്യൂ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. പ്രസ്തുത ഓഫീസിൽ ചീഫ് പ്രോജക്ട് മാനേജർ, കണ്ടന്റ് ഡവലപ്മെന്റ് മാനേജർ, ഡൊമൈൻ എക്സ്പെർട്ട്, ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, മാസ്റ്റർ ട്രെയിനർമാർ ( ഇരുപത് ) എന്നീ തസ്തികകളിൽ ജീവനക്കാർ ഉണ്ട്. |
| ബി) സ്പാർക്കിന്റെ ഓഫീസിൽ ദിവസ വേതനക്കാരായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ജീവനക്കാരെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | ബി) സ്പാർക്ക് ഓഫീസിൽ ദിവസ വേതനക്കാരായ ജീവനക്കാരില്ല. |
| സി) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നിന്നും സ്പാർക്ക് സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനുള്ള ഫോൺകോൾ സ്വീകരിക്കാൻ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ജീവനക്കാരെ ഇതിനായി നിയോഗിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | സി) ഉണ്ട്<br>ഫോൺ കോളുകൾ സ്വീകരിക്കുന്നതിനായി മാത്രം 5 മാസ്റ്റർ ട്രെയിനർമാർ ഊഴമനുസരിച്ച് എല്ലാ ദിവസവും പ്രവർത്തിക്കുന്നുണ്ട്. |
| ഡി) സ്പാർക്കിൽ ഫോൺ മുഖാന്തിരം പരാതികൾ കേൾക്കുന്നതിൽ നിരുത്തരവാദപരമായി ജീവനക്കാർ പെരുമാറുന്നതിനാൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽനിന്നും ജീവനക്കാർ കേന്ദ്ര ഓഫീസിൽ നേരിട്ടെത്തി പരാതികൾ പരിഹ രിക്കേണ്ടിവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഡി) ഇത്തരംആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ഇ)സ്പാർക്ക് ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇ)സ്പാർക്ക് സംവിധാനം കൂടുതൽ കാര്യ ക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ